മുഹമ്മദ് താമരശ്ശേരി

# പരിണാമം ആകസ്മികമല്ല; ആസൂത്രിതമാണ്

**'പരിണാമസിദ്ധാന്തം** ശാസ്ത്രവിരുദ്ധം' എന്ന കുറിപ്പ് (*സംവാദം*, ലക്കം 33) ഇസ്‌ലാമിക സംസ്കൃതിയുടെ ജാഗ്രത ബോധ്യപ്പെടുത്താനും വായനക്കാരുടെ വൈജ്ഞാനിക ചക്രവാളവികസനത്തിനും ഉതകുന്നതായി. എങ്കിലും ഈ വിഷയത്തിൽ കൂടുതൽ ശാസ്ത്രീയ കാഴ്ചപ്പാടുകൾ വിജ്ഞാനപ്രദമായിരിക്കുമെന്ന് കരുതുന്നു.

പരിണാമം എന്ന പദത്തിന് 'മാറ്റം' എന്നും വിവക്ഷയുണ്ട്. Transition എന്ന പദവും സാന്ദർഭികമായി യോജിക്കുന്നതായി കണ്ടുവരുന്നു. പരിണാമം അല്ലെങ്കിൽ മാറ്റം സ്രഷ്ടാവിന്റെ കൽപിതമായ പ്രകൃതിനിയമമാണ്. ജീവികളും സംസ്കാരവും സമൂഹവും മാറ്റങ്ങൾക്ക് വിധേയമായിട്ടുണ്ടെന്ന് ഖുർആനിൽനിന്ന് മനസ്സിലാക്കാം. അതേസമയം ശാസ്ത്രത്തിന്റെ ഉത്ഭവം മതത്തിന്റെ വേരുകളിൽനിന്നാണെന്നും ശാസ്ത്രം പൂർണമായും വസ്തുനിഷ്ഠമല്ലെന്നും അത് കാലിക ബദ്ധവും ചരിത്രപരവും കർതൃനിഷ്ഠവുമാണെന്നും ആൽഫ്രെഡ് വൈറ്റ് ഹെഡ്, പോൾ ഡേവിഡ്, തോമസ് കൂൺ, കാൾ പോപ്പർ എന്നിവർ അഭിപ്രായപ്പെട്ടിട്ടുള്ളതായി കാണാം. പ്രപഞ്ചനാശം സുനിശ്ചിതമെന്ന സ്റ്റീഫൻ ഹോക്കിംഗിന്റെ വെളിപ്പെടുത്തലോടെ, ശാസ്ത്രം ഖുർആനിക സൂചനകളുടെ അരികുപറ്റി സഞ്ചരിക്കുന്നുവെന്ന പരമാർഥം ഊന്നിയുറപ്പിക്കുകയും ചെയ്തിരിക്കുന്നു.

മനുഷ്യസൃഷ്ടിപ്പിന് മുമ്പുള്ള ഒരു കാലഘട്ടത്തെക്കുറിച്ച് ഖുർആനിൽ സൂചനയുണ്ട് (76:1). സൃഷ്ടിപ്പിനെക്കുറിച്ച് വിശുദ്ധ ഖുർആൻ നൽകുന്ന അറിവ്, ശാസ്ത്രീയ നിഗമനങ്ങളുമായി താരതമ്യപ്പെടുത്തി ഗ്രഹിക്കുകയാണെങ്കിൽ, സൃഷ്ടിപ്പിൽ പരിണാമപ്രക്രിയകൾ (മാറ്റങ്ങൾ) നടത്തിയിട്ടുള്ളതായും, പ്രസ്തുത മാറ്റങ്ങളിൽ 'ആകസ്മികത'ക്ക് യാതൊരു പങ്കുമുണ്ടായിരുന്നില്ലെന്നും മനസ്സിലാക്കാൻ കഴിയും. സൃഷ്ടിപ്പ് വിവിധ ഘട്ടങ്ങളിലൂടെയായിരുന്നുവെന്ന് ഖുർആൻ വ്യക്തമാക്കുന്നു (71:14). എന്നാൽ ഈ സൂക്തത്തെ ഭ്രൂണവളർച്ചയുമായി മാത്രം ഒതുക്കിനിർത്തിക്കൊണ്ടുള്ള സമീപനമാണ് പല ഖുർആൻ വ്യാഖ്യാതാക്കളും അവലംബിച്ചതായി കാണുന്നത്. എല്ലാ ജീവജാലങ്ങളുടെയും സൃഷ്ടിപ്പിന്റെ ആരംഭം ജലത്തിൽനിന്ന് തുടങ്ങിയ സ്രഷ്ടാവ് (21:30), ജന്തുക്കളെയും ജലത്തിൽനിന്നുതന്നെ സൃഷ്ടിച്ചു (24:45). മനുഷ്യനെയും ജലത്തിൽനിന്നാണ് സൃഷ്ടിച്ചതെന്ന് സൂചിപ്പിക്കുന്നുണ്ടെങ്കിലും (25:54), മനുഷ്യസൃഷ്ടിപ്പിന്റെ ആരംഭം മണ്ണിൽനിന്നും കളിമണ്ണിൽനിന്നുമാണെന്നും അസന്ദിഗ്ധമായി അറിയിക്കുന്നു (3:59, 32:7). മാത്രമല്ല, പ്രസ്തുത കളിമണ്ണിന് സവിശേഷത നൽകി 'കളിമണ്ണിന്റെ സത്ത' എന്നു കൂടി വെളിപ്പെടുത്തിത്തരുന്നു (23:12). ജീവജാലങ്ങളുടെ ഉത്ഭവം ജലത്തിൽനിന്ന് ആരംഭിച്ചതിനാൽ പ്രപഞ്ചത്തിലെ ജൈവസംവിധാനത്തിന് ജലത്തോട് വലിയ കടപ്പാടുണ്ടെന്ന് മനസ്സിലാക്കാം. അതിനാലാണ് ജൈവാവസ്ഥയുടെ അടിസ്ഥാനം ഏതാണ്ട് 80-85 ശതമാനം ജലാംശമുള്ള പ്രോട്ടോപ്ലാസമായത്. മനുഷ്യന്റെ ഭൗതികശരീരം പൊതിഞ്ഞിരിക്കുന്നത് മുട്ടിയാൽ മുഴക്കമുണ്ടാകുംവിധം ചളി പാകപ്പെടുത്തിയുമാണ് (15:26, 55:14). അതാകട്ടെ, ജൈവാവസ്ഥ അടങ്ങിയതുമാണ്. ഇവിടെ ആഴത്തിൽ ചിന്തിക്കേണ്ടത് ജഡികാവസ്ഥ(Inorganic)യിൽനിന്ന് ജൈവാവസ്ഥ(Organic)യിലേക്ക് അല്ലാഹു നടത്തിയ പരിണാമപ്രക്രിയയെ അല്ലെങ്കിൽ മാറ്റത്തെ സംബന്ധിച്ചാണ്. ജോൺ ബെർണാൾ, ഡിക്കേഴ്സൺ, കെയിൽ-സ്മിത്ത് മുതലായ ശാസ്ത്രജ്ഞന്മാർ നടത്തിയ പഠനങ്ങൾ തെളിയിക്കുന്നത്, കളിമണ്ണും ചളിയും ജഡിക സ്ഫടികങ്ങളും ജൈവവസ്തുക്കളുമായി ഏകോപിക്കാനും സംയുക്തമാകാനും പ്രവർത്തനക്ഷമതയുള്ളതാണെന്നും ജൈവാവസ്ഥ ഉരുത്തിരിയാൻ കഴിവുള്ള ഒരു മുഖ്യ പദാർഥമാണ് കളിമണ്ണെന്നുമാണ്. കൂടാതെ ജലാർദ്രമാകുന്നതും പിന്നീട് വറ്റി ഉണങ്ങുന്നതുമായ കളിമണ്ണിന്റെ ചാക്രിക പ്രക്രിയ, അമിനോ ആസിഡിന്റെ തന്മാത്രകളുമായി എവ്വിധമാണ് ബന്ധപ്പെട്ടുകിടക്കുന്നതെന്ന കാര്യത്തിൽ ഡേവിഡ് വൈറ്റും ഷേർജഡ് ഛാംഗും നടത്തിയ വെളിപ്പെടുത്തലുകൾ ശാസ്ത്രലോകത്തെ വിസ്മയപ്പെടുത്തുകയുമുണ്ടായി. ഇവ്വിധമുള്ള പഠന-പരീക്ഷണങ്ങൾ നടത്താൻ ശാസ്ത്രജ്ഞന്മാരെ പ്രേരിപ്പിക്കുന്ന ഘടകം, inorganic അവസ്ഥയിൽനിന്ന് organic അവസ്ഥയിലേക്ക് സംഭവിച്ച മാറ്റമാണ്.

ഡാർവിനും ശേഷം ശാസ്ത്രജ്ഞന്മാരും വസ്തുതകളെന്ന പേരിൽ നിരത്തിയ കാര്യങ്ങൾക്ക് ഖുർആനികമാനം (Quranic dimension) നൽകി ഘടനാവ്യത്യാസം വരുത്തിയാൽ പരിണാമ വിഷയത്തിൽ ശാസ്ത്രവുമായി ഉരസൽ ഒഴിവാക്കാൻ സാധിച്ചേക്കും. കാരണം കണ്ടെടുക്കപ്പെട്ട ഫോസിലുകളെല്ലാം തന്നെ ഒരു കാലഘട്ടത്തിൽ ഭൂമിയിൽ നിലനിന്നിരുന്ന ജീവികളുടേതാകയാൽ, അവ ഭൂമിയിൽ ജീവിച്ചിരുന്നുവെന്ന യാഥാർഥ്യം നിഷേധിക്കാനാവുകയില്ല. സർവ ജീവജാലങ്ങളുടെയും സൃഷ്ടിപ്പ് ജലത്തിൽനിന്നാണെന്നും പല തരത്തിലും രൂപത്തിലും ആകൃതിയിലുമുള്ള ജീവികൾ അല്ലെങ്കിൽ ജന്തുക്കൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ടെന്നും ഖുർആനിൽനിന്ന് മനസ്സിലാക്കാവുന്ന സ്ഥിതിക്ക് (21:30, 24:45), കാലഘട്ട

ങ്ങൾക്കനുസൃതമായി അനേകം ജീവികൾ (ജന്തുക്കൾ) സൃഷ്ടിക്കപ്പെട്ടിരുന്നുവെന്നും, എന്ത് ഉദ്ദേശ്യത്തോടു കൂടിയാണോ അവയെല്ലാം അല്ലാഹു സൃഷ്ടിച്ചത് ആ ഉദ്ദേശ്യം ലക്ഷ്യമടഞ്ഞതോടെ (അതായത് ഭൂമിയിൽ അവയുടെ ദൗത്യം പൂർത്തീകരിക്കപ്പെട്ടതോടെ) സർവശക്തൻ അവയെ ഭൂമിയിൽനിന്ന് അന്തർധാനം ചെയ്യിച്ചുവെന്നും, അവയുടെ സ്ഥാനത്ത് പുതിയ ജീവികൾ സൃഷ്ടിക്കപ്പെട്ടുവെന്നും, അവയിൽ യാതൊന്നും തന്നെ മനുഷ്യൻ എന്ന അർഥപരിധിയിലോ വിവക്ഷയിലോ വരുന്നതേയില്ലെന്നും വിശ്വസിക്കുകയാണ് അഭികാമ്യം. അങ്ങനെ വരുമ്പോൾ പ്രകൃതിപര നിർധാരണത്തിലൂടെ അനുരൂപീകരണം (Adaptation through natural selection) നടന്നുവെന്ന ഡാർവിന്റെ സിദ്ധാന്തം സ്വയം നിഷ്ക്രമിക്കും.

പുത്തൻ സ്പീഷീസിന്റെ ആവിർഭാവം മാക്രോ പരിണാമത്തിലൂടെയാണെന്നും ഒരു സ്പീഷീസും സ്ഥിരമല്ലെന്നും, അവ അപ്രത്യക്ഷമാകുന്നുവെന്നും പരിണാമസിദ്ധാന്തത്തിൽതന്നെ 1927-നു ശേഷം ശാസ്ത്രജ്ഞന്മാരാൽ തന്നെ കൂട്ടിച്ചേർക്കപ്പെട്ട കാര്യങ്ങൾ, ജീവികളുടെ അതിജീവനവൈദഗ്ധ്യം, അവരോഹണക്രമത്തിലുള്ള രൂപലക്ഷണ മാറ്റങ്ങൾ തുടങ്ങിയ ഡാർവിൻ തത്ത്വങ്ങളെ അപ്രസക്തമാക്കുന്നുണ്ട്. ജീവികളുടെ പ്രകൃതിപര നിർധാരണ അനുരൂപീകരണം നടന്നത് തുടർച്ചയായുള്ള മാറ്റം വഴിയല്ലെന്നും ഒരു ജീവിയിൽനിന്ന് വേറൊരു ജീവിയിലേക്ക് പൊടുന്നനെയുള്ള 'ചാട്ട'ത്തിലൂടെയാണെന്നുമുള്ള ചിത്രമാണ് പരിണാമസിദ്ധാന്തം വരച്ചുവെച്ചിട്ടുള്ളത്. ആ നിലക്ക് ഒരു ജീവിയിൽനിന്ന് മറ്റൊരു ജീവിയിലേക്കുള്ള പൊടുന്നനെ നടന്നതായി പറയപ്പെടുന്ന 'ചാട്ട'ത്തിനിടയിൽ ഒരു ഇടവേള(gap) നിശ്ചയമായും ഉണ്ടായിട്ടുണ്ട്. പ്രസ്തുത ഇടവേളയിൽ എന്തു നടന്നുവെന്ന കാര്യം പരിണാമ സിദ്ധാന്തം വ്യക്തമാക്കിത്തരുന്നുമില്ല. ഒരു ജന്തുവർഗത്തിന്റെ തിരോധാന പ്രക്രിയയും പകരം വേറൊരു വർഗം ജന്തുക്കളുടെ സൃഷ്ടിപ്പും തികച്ചും ദൈവികാസൂത്രിതമായി തന്നെയാണ് നടന്നിട്ടുള്ളതെന്ന് ചിന്തിക്കാൻ ഈ 'ഇടവേള' നമുക്ക് അവസരമുണ്ടാക്കിത്തരുന്നു.

പ്രപഞ്ചത്തിന്റെ ഉത്ഭവം, മനുഷ്യന്റെ ഉൽപത്തി എന്നിവ ദൈവിക ആസൂത്രണ പ്രക്രിയകളാകയാൽ, അതിനെ ജീവികളുടെ സാഹചര്യാനുകൂലമായ പ്രാകാരാന്തരീകരണത്തിന്റെ ചട്ടക്കൂടിൽ തളച്ചിടാനാവുകയില്ല. പ്രപഞ്ചവികാസം ദ്രുതമാകാനുതകുംവിധം ഏതോ 'ഒരജ്ഞാത ശക്തി' ഗ്യാലക്സികളെ പുറത്തോട്ട് തള്ളുന്നുവെന്ന സത്യം ശാസ്ത്രജ്ഞന്മാരെ അത്ഭുതപരതന്ത്രരാക്കിയിട്ടുണ്ട്. ഈ ശക്തി, അല്ലെങ്കിൽ മറ്റു ചിലർ വിശേഷിപ്പിക്കുന്നതുപോലെ CONSCIOUS SUPER MIND തന്നെയാണ് പ്രപഞ്ചത്തിലെ സർവതും ആസൂത്രണം ചെയ്യുന്ന സ്രഷ്ടാവും പരിപാലകനുമായ അല്ലാഹു. അപ്പോൾ എല്ലാ മാറ്റങ്ങളും (പരിണാമം) നടന്നിട്ടുള്ളത് ദൈവിക ആസൂത്രിതമാണ്, അതാവട്ടെ അനിവാര്യവുമായിരുന്നെന്ന് നമുക്ക് വ്യക്തമാവുന്നു.

'സംവാദ'ത്തിൽ അല്ലാഹുവിന്റെ അടുക്കൽ ഒരു ദിവസം, നാം എണ്ണുന്ന അമ്പതിനായിരം വർഷങ്ങൾ എന്ന പരാമർശമുണ്ട്. ഖുർആൻ *അൽഹജ്ജ്* 47-ൽ ഒരു ദിവസം ആയിരം വർഷങ്ങളായും, *അൽമആരിജിൽ* (4) ആയത് അമ്പതിനായിരം വർഷങ്ങളായും വ്യക്തമാക്കുന്ന നിലക്ക്, ഈ വിഷയം സമയകാല ക്ലിപ്തത നിശ്ചയിച്ച് കണക്ക് കൂട്ടിയെടുക്കുന്നതിലും സംഗതമായത് മനുഷ്യബുദ്ധിക്ക് കണക്കാക്കാൻ പറ്റാത്ത കാലയളവ് എന്ന് മനസ്സിലാക്കുന്നതല്ലേ? അതുപോലെ ജെനറ്റിക് എഞ്ചിനീയറിംഗിൽ ഒരു ജീവിയുടെ ഡി.എൻ.എ വേറൊരു ജീവിയുടെ ഡി.എൻ.എയുമായി സങ്കലനം ചെയ്ത് പുതിയ ജീവിയെ (hybridanimal) നിർമിച്ചെടുക്കാവുന്നവിധം ശാസ്ത്രബുദ്ധി വളർച്ച പ്രാപിച്ചുകഴിഞ്ഞുവെന്നും ആയതിന് പ്രചോദനം ഖുർആൻതന്നെ നൽകിക്കഴിഞ്ഞിട്ടുള്ളതാണെന്ന (27:82) കാര്യത്തിലേക്കും ലേഖകന്റെ ശ്രദ്ധക്ഷണിക്കുന്നു. ■